# Athmaraksha.org

നമ്മൾ ദൈവത്തിനു തിരിച്ചു നൽകേണ്ടത്?

## നമ്മുടെ തോൽവിയിൽ ദൈവസ്നേഹം വിജയം ചൂടുന്നു!



പരിത്രാണത്തിന്റെ പാത തോൽവിയുടേതാണ്. ഈ യാത്ര കുരിശും അപകീർ ത്തിയും നിറഞ്ഞതാണ്. എന്നാൽ തോറ്റു കൊടുക്കുന്നതിലൂടെ സ്നേഹം നമ്മെ കീഴട ക്കുമെന്ന് കാസാ സാന്താ മാർത്താ ദേവാലയത്തിൽ വിശുദ്ധ കുർബാനമദ്ധ്യേയുള്ള പ്രസംഗത്തിനിടെ ഫ്രാൻസിസ് പാപ്പാ പറഞ്ഞു. വിശുദ്ധ മർക്കോസിന്റെ സുവി ശേഷത്തിൽ, മുന്തിരിത്തോട്ടത്തിന്റെ ഉടമയുടെ മകനെ കൊന്ന് തോട്ടത്തിന്റെ വെളിയിൽ എറിയുന്ന കൃഷിക്കാരുടെ ഉപമ വിശുദ്ധീകരിക്കുന്നതിനിടെയാണ് പാപ്പാ ഇക്കാര്യം പറഞ്ഞത്. സുവിശേഷഭാഗത്തു വിവരിക്കുന്ന ഉപമ തോൽവിയുടേതാണ്. ദൈവവും മനുഷ്യനുമായുള്ള ബന്ധത്തെയാണ് ഈ ഉപമ വിശേഷിപ്പിക്കുന്നത്. യേശുവിന്റെ ഉപമയുടെ വെളിച്ചത്തിൽ മരണത്തിലാണ് എല്ലാവരും ജീവൻ കണ്ടെത്തുന്നത് എന്ന് ഫ്രാൻസിസ് പാപ്പാ പറഞ്ഞു. ദൈവത്തിന്റെ വക്താക്കളായി തോട്ടം തൊഴിലാളികളോട് സംസാരിക്കാൻ എത്തുന്ന പ്രവാചകൻമാരെ ആരും ശ്രവിക്കുന്നില്ല. എല്ലാവരും അവരെ തള്ളിക്കളയുന്നു. ദൈവത്തിന്റെ മഹത്വമാണ് ഇവിടെ പ്രതിപാദിക്കുന്നത്. ഏറ്റവും ഒടുവിലായി അയച്ച സ്വപുത്രനെപ്പോലും ആരും ശ്രവിച്ചില്ല. പകരം നിഷേധിച്ച് കൊന്നുകളഞ്ഞു. അതാണ് പിന്നീട് മൂലക്കല്ലായിത്തീർന്നത്. സ്നേഹത്തിന്റെ കഥ അവസാനിക്കുന്നത് തോൽവിയിലാണ്. ദൈവജനം തള്ളിക്കളഞ്ഞ ഒരുവനിലൂടെ ആണ് മനുഷ്യവംശത്തെ മുഴുവനായും രക്ഷിച്ചത്. ഉപേക്ഷിക്കപ്പെട്ട പുത്രനായ ക്രിസ്തുവാണ് നമ്മെ മുഴുവനും രക്ഷിച്ചത്. നാം നമ്മുടെ മന:സാക്ഷിയെത്തന്നെ വിലയിരുത്തിയാൽ എത്ര തവണ പ്രവാചകനെ പുറത്താക്കി എന്ന് മനസ്സിലാകും. അവിടെ കൂടിയവരെ സ്നേഹത്തിന്റെ ചരിത്രത്തെ മനസ്സിലാക്കുവാൻ പാപ്പാ പ്രോത്സാഹിപ്പിച്ചു. ദൈവം നമ്മിൽ നട്ടിരിക്കുന്ന സ്നേഹമാകുന്ന വിത്തിനെ എങ്ങനെ നാം പരിപാലിക്കുന്നുവെന്ന് ദൈവം നമുക്കു വേണ്ടി ചെയ്തുതന്ന കാര്യങ്ങൾ സ്മരിക്കണമെന്നും ചിന്തിക്കണമെന്നും പറഞ്ഞ് പാപ്പാ തന്റെ പ്രസംഗം അവസാനിപ്പിച്ചു.